# ST JOHN'S HS ELANAD

## MAGAZINE 2024




## LITTLE KITE 2022-25

Kerala Infrastructure and Technology for Education

# നമ്മുടെ വിദ്യാഭ്യാസം

ജ്ഞാനസമ്പാദനം ആണ് വിദ്യാഭ്യാസത്തിന്റെ പ്രഥമ പ്രധാനലക്ഷ്യം. അതിനുവേണ്ട ഒരു ഘടകമാണ് ഏകാകൃത. താഴെ പടിയിലുള്ള മനുഷ്യൻ തൊട്ട് ഉയർന്ന നിലയിലുള്ള യോഗിക്ക് വരെ ജ്ഞാനസമ്പാദനത്തിന് ഏകാഗ്രതയാണ് ആവശ്യം. ഏകാഗ്രതയുടെ തോത് വർദ്ധിക്കുന്നതിനനുസരിച്ച് ജ്ഞാനസമ്പാദനത്തിന് ശക്തിയും വർധിക്കുന്നു. അറിവുകൾ ശേഖരിക്കുന്നതിൽ ഉപരി മനസ്സിനെ ഏകാഗ്രമാക്കാൻ കഴിയുന്ന ഒന്നായിരിക്കണം വിദ്യാഭ്യാസം. ഇതിനെ വിദ്യയുടെ കാര്യത്തിലും കലയുടെ കാര്യത്തിലും സാമ്യമുണ്ട്. വിദ്യാഭ്യാസത്തിന് സ്വഭാവരൂപീകരണവും ആയി നല്ല ബന്ധമുണ്ട് ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ ചൊല്ല്. ചെറുപ്പകാലത്തെ സ്വഭാവരൂപീകരണം വാർദ്ധക്യത്തിലും തുടരും. മനുഷ്യന്റെ സർവ്വതോമുഖമായ വളർച്ചയിൽ ആണ് എല്ലാത്തരം പരിശീലനങ്ങളുടെയും ലക്ഷ്യം. ലോകത്തിൽ യാതൊന്നിനും തടയാനോ ചെറുത്തു തോൽപ്പിക്കാൻ കഴിയാത്ത അമൂല്യ സമ്പത്താണ് ബുദ്ധിശക്തി.

ആധുനിക വിദ്യാഭ്യാസത്തിന് ശൈലി തന്നെ ഈ കാലഘട്ടത്തിൽ തിരുത്തി കൊടുക്കേണ്ടിയിരിക്കുന്നു. ഓരോ ക്ലാസിലും പഠിക്കേണ്ട പാഠഭാഗങ്ങൾ കുട്ടി പഠിച്ചു എന്ന് ഉറപ്പുവരുത്തുകയും പരീക്ഷകൾ നടത്തുകയും ജയപരാജയങ്ങൾ നിർണയിക്കുകയും ചെയ്യണം അല്ലാതെ എട്ടാം ക്ലാസ് വരെയുള്ള ഓൾ പ്രമോഷൻ സ്കീം നിർത്തലാക്കണം എങ്കിൽ മാത്രമേ കുട്ടിയുടെ പഠന നിലവാരം ഉയർത്താൻ സാധിക്കുകയുള്ളൂ. നാമിപ്പോൾ കുറച്ചുനാളുകളായി കൊറോണ എന്ന മഹാമാരിയുടെ നിഴലിൽ സഞ്ചരിക്കുകയാണ്. ലോകത്തിന്റെ സ്പന്ദനം ഇപ്പോൾ മാസത്കിലാണ് ഈ കാലഘട്ടത്തിൽ അധ്യാപകർ ഓൺലൈൻ class എടുക്കുമ്പോൾ കുട്ടികളെല്ലാം ഓഫ്‌ലൈനിൽ പോകുന്ന അവസ്ഥ മാറ്റേണ്ടതാണ്. പഠനത്തിന്റെ ഗൗരവം തന്നെ ചോർന്നു പോയി കൊണ്ടിരിക്കുന്നു. പുസ്തകങ്ങളും ഗ്രന്ഥശാലകളും ചങ്ങാതികൾ ആയി നിന്നിരുന്ന കാലത്ത് ഇപ്പോൾ മൊബൈൽ ഫോണുകളും ഗൂഗിൾ സർച്ചുകളും കുട്ടികളുടെ വഴിതെറ്റിക്കുന്നു. ഇന്നത്തെ കാലഘട്ടത്തിൽ മൊബൈൽ ഫോണിന്റെ അതിപ്രസരണം പഠനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തോടൊപ്പം തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കണം. പഠനത്തോടൊപ്പം ഓരോ തൊഴിലും കൂടെ അഭ്യസിപ്പിച്ചിരുന്നാൽ ഒരു പരിധിവരെ തൊഴിലില്ലായ്മ എന്ന തീരാശാപതിൽ നിന്ന് മുക്തി നേടാം. സ്വഭാവത്തെ രൂപീകരിച്ച മനോബലം വളർത്തി ബുദ്ധിശക്തി വികസിപ്പിച്ച് മനുഷ്യനെ തൊഴിൽ ചെയ്യാനും സ്വന്തം കാലിൽ നിൽക്കാനും പ്രാപ്തമാക്കുന്ന ഒരു വിദ്യാഭ്യാസമാണ് നമുക്ക് ആവശ്യം. ഇന്നത്തെ വിദ്യാഭ്യാസം നമ്മുടെ ചിന്താ ശൂന്യരായ വസ്തുക്കൾ ആക്കുന്നു. സ്വന്തം പ്രയത്നമണ്ഡലം കണ്ടെത്താൻ ആത് നമ്മെ സഹായിക്കുന്നില്ല. നാം പരീക്ഷകൾ പാസാക്കുന്നു ഭാഗ്യം ഉള്ളവർക്ക് ജോലി ലഭിക്കുന്നു. പിന്നെ അനന്തമായ വൈരസ്യം, നൈരാശ്യത്തിൽ നിന്ന് നാം പലായനം ചെയ്യുന്നു നമ്മുടെ വിദ്യാഭ്യാസ നമ്മെ ഉപരിപ്ലവ ബുദ്ധിജീവികൾ ആക്കുന്നു. സത്തയുടെ ആഴങ്ങളെ അനാവരണം ചെയ്യാൻ അത് സഹായിക്കുന്നില്ല പകരം ജീവിതത്തെ ലയരഹിതവും അന്യവുമാക്കുന്നു.

രാഷ്ട്രത്തിന് നന്മ ചെയ്യുന്ന ഒന്നായിരിക്കണം രാഷ്ട്രീയം എന്നാൽ ഇന്ന് രാഷ്ട്രീയ അഭ്യാസങ്ങളാണ് അരങ്ങേറുന്നത്. കുട്ടികളിൽ രാഷ്ട്രസ്നേഹം വളർത്തണം. രാഷ്ട്രബോധം ഉണ്ടാക്കണം. നന്മയും തിന്മയും തിരിച്ചറിയാൻ കഴിയുന്ന ഒരു വിദ്യാഭ്യാസമാണ് നമുക്ക് വേണ്ടത്. തിന്മയെ നന്മകൊണ്ട് കീഴടക്കുവാൻ കുട്ടികളെ പഠിപ്പിക്കണം. ഉടുതുണിക്ക് മറുതുണിയില്ലാതെ ഒരു നേരത്തെ ആഹാരം ലഭിക്കാതെ ശരിയായ നീതി ലഭിക്കാതെ കഷ്ടപ്പെടുന്ന കോടിക്കണക്കിന് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന നമ്മുടെ ഇന്ത്യയിൽ കൂണുപോലെ പൊട്ടിമുളക്കുന്ന ഒരു രാഷ്ട്രീയ പാർട്ടിയുടെയും ലക്ഷ്യം സമൂഹനന്മ ആയിരിക്കണം.

മദ്യവും മയക്കുമരുന്നും വിദ്യാർഥികൾക്കിടയിൽ വളരെയേറെ പ്രചാരം നേടിയിരിക്കുന്നു. പല മാഫിയകളും ഇതിനു പിന്നിൽ പ്രവർത്തിക്കുന്നുണ്ട്. അക്ഷരാഭ്യാസം ഉള്ള നമ്മുടെ സ്ഥിതി ഇതാണെങ്കിൽ അതില്ലാത്ത സാധാരണ ജനങ്ങളെ പഴി ചാരിയിട്ട് ഒരു പ്രയോജനവുമില്ല. ഇതിനെതിരെ സന്നദ്ധസംഘടനകളും വിമുക്തി ക്ലബ്ബും ഇടപെടാൻ രംഗത്തുണ്ട്. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും വിദ്യാർത്ഥികളിൽ മദ്യവും മയക്കുമരുന്നും ചിലത്തുന്ന ദൂഷ്യവശങ്ങളെക്കുറിച്ച് ബോധവാൻമാരാക്കേണ്ടതുണ്ട്. ഭാവിയുടെ വാഗ്ദാനങ്ങളാണ് ക്ലാസ് മുറിയിലിരിക്കുന്ന ഓരോ കുട്ടികളും ഓരോ വ്യക്തി നന്നായാൽ ആ കുടുംബം നന്നാവും കുടുംബങ്ങൾ നന്നായാൽ ഒരു സമൂഹം നന്നാവും ഒരു സമൂഹം നന്നായാൽ ആ ര◌ാഷ്ട്രം നാമോരോരുത്തരും നാളത്തെ പൗരന്മാരും രാഷ്ട്രത്തിന്റെ വളയം തിരിക്കേണ്ടവരുമാണ് എന്ന ബോധം വളർത്താൻ നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസത്തിന് കഴിയണം.

ജാതി സംവരണതോടൊപ്പം സാമ്പത്തിക സംവരണം ഇവിടെ നടപ്പിലാക്കണം കാരണം മുന്നോക്ക വിഭാഗത്തിൽ പെടുന്ന പലരും ഇന്ന് സംവരണത്തിനർഹമായവരേക്കാൾ മോശമായ നിലവാരത്തിലാണ് ജീവിക്കുന്നത്. വിദ്യാഭ്യാസ കാര്യത്തിലും ഇത് പ്രകടമാകുന്നുണ്ട്. പത്താം ക്ലാസ്സ് ഡി പ്ലസ് പാസായ ഒരു പിന്നോക്ക സമുദായത്തിൽ വിദ്യാർഥിക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിക്കുമ്പോൾ എപ്ലസ് ലഭിച്ച വളരെ നിരതരായ മുന്നോക്ക വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പ്ലസ് വൺ അഡ്മിഷൻ ലഭിക്കാതെ വരുന്നു. അതുകഴിഞ്ഞ് പ്രൊഫഷണൽ വിദ്യാഭ്യാസം ഉന്നത സാമ്പത്തിക നിലവാരത്തിൽ കഴിയുന്നവരുടെ കുത്തകായായിത്തീർത്തിരിക്കുന്നു.

ആയതിനാൽ ജീവനെ പ്രധാനം ചെയ്യുന്ന സ്വഭാവത്തെ രൂപീകരിച്ച മനുഷ്യനെ സൃഷ്ടിക്കുന്ന ഒരു വിദ്യാഭ്യാസത്തിനായി വരുംനാളുകളിൽ ശുഭാപ്തിവിശ്വാസത്തോടെ കാത്തിരിക്കാം.

"വിദ്യാധനം സർവ്വധനാൽ പ്രധാനം"

**BINU SIR**

**HST SOCIAL SCIENCE**

# ആർട്ടിഫിഷ്യൽ ഇന്റലിജൻസ്



നാമറിയാതെതന്നെ നമ്മുടെ നിത്യജീവിതത്തിലെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്ന സാങ്കേതികവിദ്യയാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. മനുഷ്യനെ പോലെ ബുദ്ധിപരമായി ചിന്തിക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും ഉള്ള യന്ത്രങ്ങളുടെ കഴിവിനെയാണ് ഈ പദം കൊണ്ട് അർത്ഥമാക്കുന്നത്. ഭാവിയിൽ ശക്തമായ ചലനങ്ങൾ സൃഷ്ടിക്കാൻ പോകുന്ന സാങ്കേതിക വിദ്യയാണിത്. ആരോഗ്യസംരക്ഷണം വിദ്യാഭ്യാസം ബാങ്കിങ് തുടങ്ങി പല മേഖലകളിലും ഇന്ന് നാം ചിന്തിക്കുന്നതിലും വിപുലമായ തോതിൽ ആയിരിക്കും ഇതിന്റെ സ്വാധീനം. സ്വയം പ്രവർത്തിപ്പിക്കാൻ കഴിയുന്ന കാറുകൾ, നാമിന്ന് മൊബൈലുകളിൽ കണ്ടുവരുന്ന ഗൂഗിൾ അസിസ്റ്റന്റ്, ഗൂഗിൾ ട്രാൻസിലേറ്ററുകൾ തുടങ്ങി പല സാങ്കേതികവിദ്യകളും എ.ഐ യുടെ ഭാഗമാണ്. ഏതാനും വർഷങ്ങൾക്കുള്ളിൽ മെഡിക്കൽ രംഗത്ത് എ ഐ സൃഷ്ടിക്കാൻ പോകുന്ന മാറ്റങ്ങൾ വലുതാണ്. സ്വയം ശസ്ത്രക്രിയ ചെയ്യുവാൻ വരെ കഴിയുന്ന യന്ത്രങ്ങളെ 2030ഓടു കൂടി നമുക്ക് കാണാൻ സാധിക്കും. നാം ഏതൊരു കാര്യത്തെപ്പറ്റി പഠിച്ചാലും അതിനൊരു നല്ല വശവും മോശ വശവും കാണും, അതുപോലെതന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രശ്നങ്ങളെപ്പറ്റിയും നാം അഗാധമായി ചിന്തിക്കേണ്ടിയിരിക്കുന്നു. മനുഷ്യർ ചെയ്യുന്ന ബുദ്ധിപരമായ എല്ലാ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും വിധം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉയർന്നു വന്നാൽ എന്തെല്ലാം പ്രശ്നങ്ങളാകാം സൃഷ്ടിക്കുക. പ്രശസ്ത ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ് എ ഐ പറ്റി പറയുന്നു ഒന്നുകിൽ അത് നമുക്ക് സംഭവിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും നല്ല കാര്യം ആയിരിക്കാം, അല്ലെങ്കിൽ അത് ഏറ്റവും മോശമായ കാര്യം ആയിരിക്കാം, നമ്മൾ ശ്രദ്ധിച്ചില്ലെങ്കിൽ അത് മനുഷ്യരാശിയുടെ അവസാനത്തെ കാര്യം ആയിരിക്കും.

ഈ വാക്കുകളിലൂടെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വേണ്ടപോലെ ഉപയോഗിച്ചില്ലെങ്കിൽ നാം നേരിടേണ്ടിവരുന്ന പ്രശ്നങ്ങളെ ചൂണ്ടിക്കാട്ടുന്നു. Tesla യുടെയും സ്പേസ് x ന്റെയും സി ഇ ഒ ആയ ഇലോൺ മസ്കും ഫേസ്ബുക്കിലെ സി ഇ ഒ ആയ മാർക്ക് സക്കർബർഗ് തമ്മിലുള്ള പ്രശസ്തമായ സംവാദത്തിന് മുഖ്യ വിഷയമായിരുന്നു ആർട്ടിഫിഷ്യൽ ഇന്റലിജൻസ്. ഇലോൺ മസ്ക് പറയുന്നു ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മനുഷ്യനേക്കാൾ ഉയർന്ന ബുദ്ധിശക്തി കൈവരിച്ചു കഴിയുമ്പോൾ മനുഷ്യർ അതിന്റെ അടിമകളായി തീരും. ഒരിക്കൽ ചാറ്റ് ബോട്ടുകൾ മനുഷ്യന് മനസ്സിലാക്കാൻ കഴിയാത്ത അവയുടെ സ്വന്തമായ ഒരു ഭാഷ വികസിപ്പിച്ചെടുത്തതിനെ തുടർന്ന് ഫെയ്സ്ബുക്ക് തങ്ങളുടെ ആർട്ടിഫിഷൽ ഇന്റലിജൻസ് പദ്ധതി നിർത്തലാക്കിയത് അതിനോടനുബന്ധിച്ച് വേണം വിലയിരുത്താൻ. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്രമാതീതമായ വളർച്ചയെ തുടർന്ന് സയൻസ് ഫിക്ഷൻ സിനിമകളിൽ നാം കാണുന്നതുപോലെ മനുഷ്യനെതിരെ തിരിയുന്ന റോബോട്ടുകൾ എന്നത് സംഭവിക്കാതിരിക്കട്ടെ.

**ALFIYA P M 10 B**

# മലമ്പുഴ അണക്കെട്ടിന്റെ വിസ്മയങ്ങൾ

ഒരു വിസ്മയിപ്പിക്കുന്ന കാഴ്ചയാണ് മലമ്പുഴ അണക്കെട്ട്. തെക്കേ ഇന്ത്യയിലെ ജലസേചനത്തിനുള്ള ഏറ്റവും വലിയ ജലസംഭരണികളിൽ ഒന്നാണ് ഈ അണക്കെട്ട്. കേരളത്തിലെ പാലക്കാട് ജില്ലയിൽ ഭാരതപ്പുഴയുടെ ഒരു പ്രധാന പോഷകനദിയായ കൽപ്പാത്തി പുഴയുടെ കൈവഴിയായി മലമ്പുഴ നദിക്കു കുറുകെ നിർമ്മിച്ചിരിക്കുന്ന അണക്കെട്ടാണ് മലമ്പുഴ ഡാം. മലമ്പുഴ ജലസേചന പദ്ധതിക്ക് വേണ്ടിയാണ് ഈ അണക്കെട്ട് നിർമ്മിച്ചിരിക്കുന്നത്. മലമ്പുഴ അണക്കെട്ട് പാലക്കാട് നഗരത്തിൽ നിന്നും എട്ടു കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന വലുപ്പത്തിൽ കേരളത്തിലെ രണ്ടാമത്തെ സ്ഥാനമുള്ള അണക്കെട്ടാണ് മലമ്പുഴ. ഈ ഡാമിന്റെ നിർമ്മാണത്തിനായി 5.3 കോടി രൂപയാണ് ചെലവായത്. മലമ്പുഴ ഡാമിന്റെ ഉയരം 115.06 മീറ്ററാണ്.
മലമ്പുഴയിൽ ഒരു അണക്കെട്ട് നിർമ്മിക്കാം എന്ന ആശയം 1914 മദ്രസ സർക്കാരാണ് കൊണ്ടുവന്നത്. അന്ന് പാലക്കാട് മദ്രാസ് പ്രസിഡൻസിയുടെ ഭാഗമായിരുന്നു. 1949 മാർച്ചിൽ അന്നത്തെ പൊതുമരാമത്ത് മന്ത്രിയായിരുന്ന കെ.ഭക്തവത്സലം അണക്കെട്ടിന് തറക്കല്ലിട്ടു. 1955 ഒക്ടോബർ 9ന് കെ കാമരാജ് എന്ന മുഖ്യമന്ത്രി മലമ്പുഴ ഡാം ഉദ്ഘാടനം ചെയ്തു.
മലമ്പുഴ ഉദ്യാനം ചിൽഡ്രൻസ് പാർക്ക് ഇക്കോ പാർക്ക് ജപ്പാൻ ഗാർഡൻ ഫ്രഷ് വാട്ടർ ആക്വാറിയും സ്നേക്ക് പാർക്ക് സ്പീഡ് ബോട്ട്, തൂക്കുപാലം കാനായി കുഞ്ഞിരാമൻറെ മലമ്പുഴ യക്ഷി  എന്ന ശില്പം എന്നിവയാണ് ഇവിടുത്തെ പ്രധാന ആകർഷണങ്ങൾ. ഇവയെക്കുറിച്ച് വിശദീകരിക്കുകയാണ് എങ്കിൽ ആദ്യത്തെ ഒരു മനോഹരമായ കാഴ്ച തന്നെയാണ് കേരളത്തിലെ വൃന്ദാവനം എന്നറിയപ്പെടുന്ന മലമ്പുഴ പൂന്തോട്ടം മൈസൂരിലെ വൃന്ദാവൻ കഴിഞ്ഞാൽ ആസൂത്രിതമായി നിർമ്മിച്ച മനോഹരമായ ഉദ്യാനമാണ് മലമ്പുഴ പൂന്തോട്ടം എനിക്കതിൽ സുന്ദരമായി തോന്നിയത് പൂന്തോട്ടത്തിൽ വിരിഞ്ഞുനിൽക്കുന്ന പൂക്കളായിരുന്നു. അതിൽ നിന്നും ഒരു പൂ പൊട്ടിക്കണം എന്നുണ്ടായിരുന്നു. പിന്നീട് ത്രെഡ് ഗാർഡനിലേക്ക് ആണ് പോയത്. ആരും കാണേണ്ട ഒരു കാഴ്ചയാണ് ത്രെഡ് ഗാർഡൻ. ഒട്ടേറെ സന്ദർശകരാണ് ഇവിടെ എത്താറുള്ളത്. മറ്റെല്ലാ പൂന്തോട്ടങ്ങളും പോലെ ഇവിടെയും പൂക്കളും ചെടികളും ഉണ്ട്. നൂലുകെട്ട് ഉണ്ടാക്കിയതാണ് ഇവിടുത്തെ എല്ലാ കാഴ്ചകളും എന്നതാണ് മറ്റു പൂന്തോട്ടങ്ങളിൽ നിന്നും ഇതിനെ വ്യത്യസ്തമാക്കുന്നത്. മറ്റൊരു ആകർഷകമായ കാഴ്ചയാണ് ഫാന്റസി പാർക്ക് 1998 ഈ പാർക്കിന് കേരളത്തിലെ ടൂറിസം വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ള ബെസ്റ്റ് ഇന്നോവേറ്റീവ് ടൂറിസം പ്രൊഡക്ട് അവാർഡ് ലഭിച്ചിട്ടുണ്ട് റോപ്പ്‌വേ കാറിനെ കുറിച്ച് പറയുകയാണെങ്കിൽ ദക്ഷിണേന്ത്യയിലെ ആദ്യത്തെ ropeway ആണിത്. ഇഴജന്തുക്കളുടെ പുനരധിവാസ കേന്ദ്രം ആണ് സ്നേക്ക് പാർക്ക്. അണക്കെട്ടിനും പൂന്തോട്ടത്തിലും അടുത്ത് തന്നെയാണ് ഇത് സ്ഥിതി ചെയ്യുന്നത്. പലതരം പാമ്പുകൾ ഇവിടെയുണ്ട്. കുട്ടികളുടെ മനസ്സ് രസിപ്പിക്കുന്ന സ്ഥലമാണ് ചിൽഡ്രൻസ് പാർക്ക്. ഇതു കണ്ടാൽ തന്നെ നമ്മളും ഒരു ചെറിയ കുട്ടിയാണ് എന്ന് തോന്നിപ്പോകും അടുത്ത ഒരു മനോഹരമായ കാഴ്ചയാണ് അക്വേറിയം മലമ്പുഴ ഉദ്യാനത്തിൽ ആണ് കുറ്റൻ മത്സ്യത്തിന് മാതൃകയിലുള്ള അക്വേറിയം സ്ഥിതിചെയ്യുന്നത്. ജപ്പാനീസ് പാർക്ക് ജപ്പാൻ ശൈലിയിലാണ് ഈ പാർക്ക് നിർമ്മിച്ചിരിക്കുന്നത് അടുത്ത ഒരു കാഴ്ചയാണ് റോക്ക് ഗാർഡൻ. കേരളത്തിലെ ആദ്യത്തെ റോക്ക് ഗാർഡൻ ആണ് മലമ്പുഴയിലേത്. മനോഹരമായ ശില്പങ്ങൾ ആണ് ഇവിടെ ഉള്ളത്. അതിൽ ഒരു ശില്പമാണ് മലമ്പുഴ യക്ഷി. കലാ പ്രേമികളുടെ ഇഷ്ട ശിൽപം ആണിത്, 1969 പണികഴിപ്പിച്ചതാണ് ഈ ശിൽപം. കാനായി കുഞ്ഞിരാമനെ പരിശ്രമത്തിലാണ് ശിൽപം രൂപംകൊണ്ടത്.മലമ്പുഴ പൂന്തോട്ടത്തിനെ അടുത്തായാണ് ഈ വമ്പൻ ശിൽപം സ്ഥിതി ചെയ്യുന്നത്. ഇങ്ങനെ നമ്മളെ ആഹ്ലാദിപ്പിക്കുന്ന ഒട്ടനവധി കാഴ്ചകൾ ഇവിടെയുണ്ട്. വീണ്ടും വീണ്ടും മലമ്പുഴ ഡാം സന്ദർശനം ചെയ്യാൻ എന്റെ മനസ്സ് വെമ്പൽ കൊള്ളുന്നു.

DEVIKA A S
X C

# ഭൂമിയുടെ നൊമ്പരം



എന്റെ കണ്ണീരായിരുന്നു

നിങ്ങളൂറ്റിക്കുടിച്ചതെന്നോർക്കുക

എന്റെ കാൽപാദങ്ങളെയാണ്

നിങ്ങൾ വെട്ടിമുറിച്ചതെന്നോർക്കുക

ഓരോ നിമിഷവുമായിരം മുനകൾ

എന്റെ നെഞ്ചിൽ ഗർത്തങ്ങൾ തീർക്കുന്നു

ദാഹജലത്തിനായി നെട്ടോട്ടമോടുന്ന

മര്ത്യന്റെ മനെഞ്ചിടിപ്പ്

നിസ്സഹായമായി ഭ്രാന്തമായി കേൾക്കമിന്നെനിക്ക്

പെറ്റു വീഴുന്ന ഓരോ പൈതലിൻ ചുണ്ടിലും

രക്തം ചുരത്തി നൽകി

ഊഷരഭൂമി കണികാണണം മുൻപേ

മണ്ണോടടിഞ്ഞു ചേർന്നു

കോൺക്രീറ്റ് കട്ടകൾക്കിടയിൽ തിരഞ്ഞു

നെൽ കർഷകന്റെ വിലാപം

തലതൻ മുകളിൽ വാൾമുനപോലെ

വരുന്നു ജലത്തിനായുള്ള യുദ്ധം

നിർജീവ യൗവനം

സൈബറിൻ ചങ്ങലക്കുള്ളിൽ ഞെരുങ്ങി കിടക്കുന്നു

രക്തക്കളത്തിൽ പിടക്കുന്ന ജീവന്റെ


ചിത്രം പകർത്താനായ് വെമ്പുന്നു

നന്മ നശിക്കാത്ത നേർത്ത നീർച്ചാലുകൾ

**ഭ്രാന്താലയത്തിലൂടൊഴുകുന്ന**

**പിന്തിരിഞ്ഞോടുക**
**ഇരുളുവീഴുംമുൻപേ പച്ചപുതപ്പിനെ മാടിവിളിക്കുക**

SHEMEENA R
10 B




# അമ്മതൻ രോദനം

അമ്മതൻ രോദനം മുഴങ്ങുന്നുനിൻ ചുറ്റിലും
മൂടമാം നിന്നുടെ കർണ്ണങ്ങൾ തുറന്നിട്ടു മകനേ നീ

നിഷ്ഠൂരമാം നിൻ  പ്രവൃത്തികളാൽ വ്രണപ്പെട്ടുമമ്മതൻ
ചേതസ്സിൻ നൊമ്പരം അറിയുന്നില്ല നീ

അമ്മതൻ ഹൃദയത്തിൽ മായാത്ത മുറിവുകൾ മകനെ
നിന്നുടെ സ്വാർത്ഥ പ്രവൃത്തിതൻ പരിണിതഫലം

യുഗങ്ങൾ ഏറെ കടന്നുപോയി ചക്രവാള
സീമയിൽ പോയിമറഞ്ഞുവെങ്കിലും അമ്മ തൻ മനസ്സിൻ
വ്രണങ്ങൾ തുടർന്നിടും യുഗാന്ത്യം വരെ

ഭൂമിയാം അമ്മതൻ രോദനം മുഴങ്ങുന്നു ചുറ്റിലും
തുറന്നിട്ടു മനുഷ്യാ നിൻ മൂടമാം കർണ്ണങ്ങൾ
തുറന്നിട്ടു മനുഷ്യാ നിൻ അനന്തമാം കണ്ണുകൾ .

SREYA J 10 B

# ഒരു മഴ പെയ്താൽ

മഴ വന്നു മഴ വന്നു കാറ്റ്
കാറ്റടി മിന്നൽ ഇതിലേ വന്നു
കുടച്ചൂടി കുടച്ചൂടി
കുട്ടികൾ അതുവഴി പാഞ്ഞു വന്നു
പള്ളിക്കൂടത്തിൽ പോകാനായി
കുട്ടികൾ അതിലെ വന്നു
ഇടിയും മിന്നലും ഉല്ലസിച്ച്
മഴയെ കൊണ്ടുവന്നു
മഴയെല്ലാം ആസ്വദിച്ച്
കുട്ടികൾ അതിൽ കളിക്കുന്നു
പിറ്റേദിവസം പനിപിടിച്ച്
വീട്ടിൽ ഇരിക്കുന്നു
കാറ്റടി കൂടുതൽ ആയപ്പോൾ മരത്തിലെ പുഷ്പങ്ങൾ വീഴുന്നു
മേഘങ്ങൾ തമ്മിൽ കൂട്ടിമുട്ടി മിന്നൽ ഇതിലെ വന്നു
മഴ വന്നു മഴ വന്നു
കാർമേഘങ്ങൾ ഇരുണ്ടു വന്നു
കുട്ടിയുടെ കയ്യിലെ കുട വീണു
കാറ്റ് തകർത്തു വീശുന്നു
സുന്ദരമായ മഴയാണേ
കുട്ടികൾ ആടിത്തിമിർക്കാണേ
മഴ വന്നു മഴ വന്നു
അതിവേഗത്തിൽ പെയ്യുന്നു
കാറ്റോടൊപ്പം മഴയാണേ
കുട്ടികൾ നനഞ്ഞു കളിക്കുന്നു

**ELWIN SHANO 10B**

# ആൽമരം

ഇത് എന്റെ അനുഭവകഥയാണ്...

ഞങ്ങളുടെ നാട്ടിൽ ഒരു ആൽമരം ഉണ്ടായിരുന്നു ഒരുപാട് ചില്ലകളുള്ള ഒരു വൻവൃക്ഷമായ ആമരത്തിൽ നിറയെ പലതരത്തിലും നിറത്തിലുമുള്ള ഒരുപാട് കിളികൾ കൂടുവെച്ചിരുന്നു. യാത്രക്കാർക്കും, വഴിപോക്കർക്കും ആൽമരം നല്ലൊരു തണലായിരുന്നു... ആൽത്തറയിൽ വൈകുന്നേരങ്ങളിൽ വിശേഷങ്ങൾ പറഞ്ഞിരിക്കുന്ന ആളുകളെ കാണാറുണ്ട് ..... വൈകുന്നേരങ്ങളിൽ ആൽമരത്തിൽ കിളികൾ കൂടണയുന്നതിന്റെ ബഹളമാണ്. പലരീതിയിലുള്ള ശബ്ദങ്ങൾ പുറപ്പെടുവിച്ചും ചിറകടിയൊച്ചയും ,അമ്മക്കിളിയെ കാത്തിരിക്കുന്ന



കുഞ്ഞികിളികളുടെ പരിഭവങ്ങളും നല്ല അനുഭവങ്ങളായിരുന്നു.... ആലിൻചുവട്ടിൽ കുറച്ചുവീടുകളുണ്ടായിരുന്നു. ഉരത്തിന്റെ ചില്ലകൾ വീടുകൾക്ക് ശല്യമെന്ന് പറഞ്ഞ് മരം മുറിക്കാൻ ആളെത്തിയപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. ഞാൻ അമ്മയോട് ചോദിച്ചു എന്തിനാണമ്മേ ഈ മരം മുറിക്കുന്നത്. അപ്പോൾ അമ്മ പറഞ്ഞു ആ മരം വീണാൽ വീടുകൾ തകരും അതുകൊണ്ട് ആ വീടുകളുടെ സുരക്ഷയ്ക്ക് വേണ്ടി മരം മുറിക്കുന്നു. അപ്പോൾ ഞാൻ അമ്മയോട് എന്റെ ഒരു സംശയം കൂടി ചോദിച്ചു . ഈ മരത്തിന് ഒരുപാട് പഴക്കമുണ്ടെന്നല്ലേ അമ്മ പറഞ്ഞത്.അപ്പോൾ ഈ മരത്തിന് ചുവട്ടിൽ വീട് വച്ചതല്ലേ തെറ്റ് . അതിന് ഈ മരമെന്ത് പിഴച്ചു... അതിന് അമ്മ മറുപടിയൊന്നും പറഞ്ഞില്ല. അത് ശരിയാണെന്ന് അമ്മയ്ക്കും തോന്നിയായിരിക്കാം....പിറ്റേന്ന് ഞാൻ സ്കൂളിൽ നിന്ന് തിരിച്ചെത്തുമ്പോൾ ആൽമരത്തിലെ ചില്ലകൾ വെട്ടിമാറ്റുന്നത് കണ്ടു കിളികൾ ഭയപ്പാടോടെ പറക്കുന്നു.ചുവട്ടിലായി തകർന്ന കൂടുകൾ,കുഞ്ഞികിളികൾ,മുട്ടകൾ. എനിക്ക് സങ്കടം സഹിക്കാനാവുന്ന കാഴ്ചയായിരുന്നില്ല അത്.... എന്റെ സങ്കടം കണ്ട് അമ്മ പറഞ്ഞു ആൽമരത്തിന് ചുവട്ടിൽ ഒരുപാട് തൈകൾ മുളച്ചു നിൽപ്പുണ്ട് . നീ അതിലൊന്നെടുത്ത് നടുക .നാളെ ഇതുപോലെ നാടിന് തണലായി അതു വളരട്ടെ ,അതിൽ ഇനിയും കിളികൾ എത്തും കൂടുവെയ്ക്കും ,തൽക്കാലം സമാധാനം ആയെങ്കിലും എന്റെ കുഞ്ഞു മനസ്സിൽ വീണ്ടും ഒരു ചോദ്യം ഉടലെടുത്തിരുന്നു.....

**EBIN N A 10 B**

# അമ്മ കരുണയുടെ ആൾരൂപം




കരുണയുടെ ആദ്യപ്രദർശനം നമുക്ക് അനുഭവിച്ചറിഞ്ഞത് ഒരു അമ്മയുടെ സാന്നിധ്യത്തിലൂടെയും കരുതലിലൂടെയും ആണ്. ഈ ലോകത്ത് ഏതൊരു ഭാഷയിലും ഒരുപാട് പര്യായങ്ങൾ ഉള്ള ഏക പദമാണ് അമ്മ. വാക്കുകൾ കൊണ്ടും വാക്കുകൾക്കതീതമായി ഒരുവന്റെ ജീവിതത്തെ സ്വാധീനിക്കുന്ന സ്നേഹത്തിന്റെ വാത്സല്യത്തിന്റെ പര്യായമാണ് അവൾ. നന്മതിന്മകളെ വിവേചിച്ചറിഞ്ഞ് വിശദീകരിക്കുവാൻ മക്കളെ പ്രാപ്തരാക്കുന്ന ധീരതയുടെ വിവേകത്തിന്റെ വഴിത്താര, യാതനയും ക്ലേശങ്ങളും അനുഭവിക്കുന്നവരെ സ്നേഹപൂർവ്വം പരിചരിക്കുവാൻ എല്ലാവരെയും ഹൃദയത്തിൽ ഉൾക്കൊള്ളുവാൻ മാതൃകയാകുന്ന ആർദ്രതയുടെയും അനുകമ്പയും ആൾരൂപം.

ഒരുവൻ പാപത്തിലേക്ക് കൂപ്പുകുത്തുമ്പോൾ ലോകം മുഴുവൻ അവനെ കുറ്റം വിധിക്കും , പരിഹസിക്കും. എന്നാൽ ആ നിമിഷങ്ങളിലും അവനെ കുറ്റപ്പെടുത്താതെ അലിവോടെ സ്നേഹിക്കുന്ന ഒരുവൾ. പരിഹാരം ചെയ്തു അവന്റെ തിരിച്ചുവരവിനായി മിഴിനീർ ഒഴുക്കി പ്രതീക്ഷയോടെ കാത്തിരിക്കുന്നവൾ അമ്മ മാത്രമായിരിക്കും. അതെ അതുകൊണ്ടല്ലേ എത്ര മുതിർന്നവർ ആയാലും ജീവിതത്തിലെ നിസ്സഹായാവസ്ഥയിൽ രോഗങ്ങളിൽ വേദനയിൽ നാമറിയാതെ മാതൃ സാന്നിധ്യത്തിനായി നമ്മുടെ ഹൃദയം കൊതിക്കുന്നത്.

ലോകത്തിലെ ആർദ്രതയുടെ കാരുണ്യത്തിന്റെ നിറകുടങ്ങളായി അനേകർകാലംബമേകാൻ ബലിയായി ജീവിതം സമർപ്പിച്ച വിശുദ്ധരും മഹാത്മാക്കളുമെല്ലാം നല്ല ഹൃദയം സ്വന്തമാക്കിയത് അവരുടെ അമ്മമാരിൽ നിന്നാണ് എന്ന് ചരിത്രം പറയുന്നു. ഞാനിത് എല്ലാ അമ്മമാർക്കും വേണ്ടി സമർപ്പിക്കുന്നു

**Habeeb T A 10 B**

# കരുതൽ

അന്നും പതിവുപോലെ ഞങ്ങൾ രാവിലെ നടക്കാൻ ഇറങ്ങി. രാവിലെ അഞ്ചുമണിക്ക് എന്നും ഞാനും അനിയനും അമ്മയും നടക്കാനിറങ്ങും. അമ്മയ്ക്ക് ഒരു ധൈര്യം കൊടുക്കാൻ വേണ്ടി തുടങ്ങിയതാണ് ഞങ്ങളുടെ നടത്തം ഇപ്പോൾ ഒരു ശീലമായി. അയൽപക്കങ്ങളിലെ ഒന്നു രണ്ട് ആന്റിമാരും കൂടെയുണ്ട്. ടാർ റോഡിലൂടെ നടക്കുമ്പോൾ ഉണ്ടാകുന്ന ചെരുപ്പടിയുടെ താളത്തിനൊപ്പം നിലവിളിക്കുന്ന ചീവീടുകളും തവളകളും പെട്ടെന്ന് അതിനിടയിൽ നിന്നും കി....കി....ശബ്ദം അത് എന്താണെന്ന് അറിയാൻ സഹജമായ ആകാംക്ഷയ്ക്ക് മേൽ അമ്മയുടെ എടാ എന്ന വിളി വന്നു അതിലെയും ഇതിലെയും നടക്കാതെ നേരെ നടക്കു ചെറുക്കാ... നിറയെ പാമ്പ് ഒക്കെ ഉള്ളതാ. ഞാൻ ഒന്നു ഞെട്ടിയെങ്കിലും ആ കി.... കി ശബ്ദത്തിന്റെ ഉറവിടത്തെ ഞാൻ കണ്ടുപിടിച്ചിരുന്നു ഒരു ചെറിയ പട്ടിക്കുട്ടി ആയിരുന്നു അത്.

അമ്മേ ദാ ഒരു പട്ടിക്കുട്ടി ഞാൻ ആവേശത്തോടെ പറഞ്ഞു. അമ്മയ്ക്ക് ശരിക്ക് ദേഷ്യം വന്നു ഒന്ന് പോടാ ചെറുക്കാ നിങ്ങൾ തന്നെ നോക്കാൻ സമയമില്ല പിന്നെ പട്ടിക്കുഞ്ഞ്..ഞാൻ മനസ്സില്ലാ മനസ്സോടെ മുന്നോട്ടു നടന്നു ഞാൻ കൂടെ കൂടെ തിരിഞ്ഞു നോക്കുന്നുണ്ടായിരുന്നു. പലവിധമായ ചിന്തകൾ എന്റെ മനസ്സിലൂടെ കടന്നു പോയി. ഇങ്ങനെ പട്ടിക്കുഞ്ഞുങ്ങളെ വഴിയിൽ കൊണ്ട് കളയുന്ന വരെ പറ്റി ഞാൻ കേട്ടിട്ടുണ്ട്. എനിക്ക് ആകെ വിഷമമായി അതിന്റെ അമ്മ ഇപ്പോ വിഷമിക്കുന്നുണ്ടാവും.. അതോ ഇനി പട്ടികുഞ്ഞു വഴിതെറ്റി റോഡരികിൽ എങ്ങാനും എത്തിയതാണോ. എന്തായാലും അമ്മയോട് അതിനെ തിരിച്ചു വരുമ്പോൾ ഉണ്ടെങ്കിൽ വീട്ടിൽ വളർത്തുവാൻ എടുത്താലോ എന്ന് ചോദിക്കാൻ തീരുമാനിച്ചു. തിരികെ ആ വഴി വന്നപ്പോൾ വീണ്ടും ആ പട്ടിക്കുഞ്ഞിന്റെ ദീനമായ കരച്ചിൽ കേട്ടു. ഞങ്ങൾ ടോർച്ചടിച്ചു നോക്കിയപ്പോൾ ദയനീയമായ ഒരു കാഴ്ച കണ്ടു. വേറെ രണ്ടു പട്ടിക്കുഞ്ഞുങ്ങൾ കൂടി ഉണ്ടായിരുന്നു അവിടെ അവർ വണ്ടി കയറി ചതഞ്ഞ നിലയിലായിരുന്നു. അതിൽ നിന്നും ഒരു കാര്യം മനസ്സിലായി ഈ കുഞ്ഞുങ്ങളെ ആരോ ഉപേക്ഷിച്ചു പോയതാണ്. ഞാനും ഈ പട്ടിക്കുഞ്ഞിനെ ഇവിടെ ഉപേക്ഷിച്ചു പോയാൽ ഇതും ഏതെങ്കിലും വണ്ടിക്കടിയിൽ പെടും. ഞാൻ വീണ്ടും പ്രതീക്ഷയോടെ അമ്മയോട് ഈ കുഞ്ഞിനെ കൂടി കൂട്ടിക്കോട്ടെ എന്ന് ചോദിച്ചു. അമ്മ ഒന്നും മിണ്ടിയില്ല അതിൽനിന്നും ഞാൻ മൗനം സമ്മതം എന്ന് വിചാരിച്ച് പട്ടിക്കുട്ടിയെ കൂടെ കൂട്ടി. തണുത്തു വിഷമിച്ചിരുന്ന പട്ടി കുട്ടിക്ക് ഞാൻ ഒരു തുണി എടുത്തു അതിന് കിടത്തി കുറച്ചു പാൽ കുടിക്കാൻ കൊടുത്തു. ആഹാരം എല്ലാം കൊടുത്തു അവൻ മിടുക്കനായി അവനെ ഞങ്ങൾ ജാക്ക് എന്ന് പേര് വിളിച്ചു. ഇപ്പോൾ അഞ്ചു മാസം കഴിഞ്ഞു കഴിഞ്ഞ ദിവസം രാത്രി പട്ടിയുടെ നിർത്താതെയുള്ള കുരച്ചിൽ ഞങ്ങൾ ഞങ്ങൾ പുറത്തിറങ്ങി നോക്കി ഒരു കള്ളനെ ആണ് കണ്ടത്. ഞങ്ങൾ എഴുന്നേറ്റ്നറഞ്ഞതും കള്ളൻ ഓടിപ്പോയി ഞങ്ങൾക്ക് ഞങ്ങളുടെ ജാക്കിന്റെ വില മനസ്സിലായി......

ജോയൽ ജോബി
**10 B**


Vysak 8A
8A




**HIBA HAKEEM**




Elizabeth Gino 9B




**HABEEB T A**


Devika C P 9B
IX B